മീൻവല്ലം 2.4 മെഗാവാട്ട് - പാലക്കാട് ജില്ലാ പഞ്ചായത്ത്, അരിപ്പാറ 3 മെഗാവാട്ട് - കോഴിക്കോട് ജില്ലാ പഞ്ചായത്ത്. അടിയൻപാറ 2.5 മെഗാവാട്ട് - മലപ്പുറം ജില്ലാ പഞ്ചായത്ത്. കലങ്കി 1 മെഗാവാട്ട് - കണ്ണൂർ ജില്ലാ പഞ്ചായത്ത്.

(സി) നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ചൈനീസ് സഹായത്തോടെയുള്ള പദ്ധതികളിൽ നാല് ഒപെലറ്റ് പദ്ധതികളിൽ ഒന്നായ ചെമ്പുകാവ് 1 ന്റെ ടെൻഡർ നടപടികൾ പൂർത്തിയാക്കി വരുന്നു.

(ഡി) പ്രസക്തമല്ല

(ഇ) നടപടി സ്വീകരിച്ചു വരുന്നുണ്ട്.

114 (258) വൈദ്യുതി പ്രസരണ നഷ്ടം

ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ബി. വിജയകുമാർ :
ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പ്രസരണനഷ്ടം കുറയ്ക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈക്കൊണ്ട നടപടികളുടെ വിശദാംശം നൽകുമോ;

(ബി) ഈ നടപടികൾമൂലം പ്രസരണനഷ്ടം എത്ര ശതമാനം കണ്ട് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്;

(സി) 1996-ൽ ഒരു യൂണിറ്റ് വൈദ്യുതിയുടെ ഉൽപ്പാദനം, പ്രസരണം, വിതരണ ചെലവ് എത്രയായിരുന്നു;

(ഡി) 1998-ൽ താപവൈദ്യുതികൂടി ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു തുടങ്ങിയശേഷമുള്ള ഉൽപ്പാദനം, പ്രസരണ, വിതരണ ചെലവ് എത്രയാണ്;

(ഇ) 1998-ലെയും 1999-ലെയും ഹൈഡൽ, തെർമൽ വൈദ്യുതി ഉൽപ്പാദനത്തിന്റെ അനുപാതം എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ഈ നടപടികൾമൂലം 1995-96-ൽ 20.05 ശതമാനം ആയിരുന്ന പ്രസരണ-വിതരണ നഷ്ടം 1997-98-ൽ 17.87 ശതമാനമായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

(സി) 1995-96-ലെ കണക്കനുസരിച്ച് ഒരു യൂണിറ്റ് വൈദ്യുതിയുടെ ഉൽപ്പാദനച്ചെലവ് 10.64 പൈസയും, പ്രസരണചെലവ് 36.26 പൈസയും വിതരണ ചെലവ് 66.04 പൈസയുമാണ്.

(ഡി) 1997-98-ലെ കണക്കനുസരിച്ച് ഒരു യൂണിറ്റ് വൈദ്യുതിയുടെ ഉൽപ്പാദനച്ചെലവ് 32.95 പൈസയും പ്രസരണച്ചെലവ് 62.51 പൈസയും വിതരണചെലവ് 80.43 പൈസയുമാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 1998-ലെ ഹൈഡൽ തെർമൽ ഉൽപ്പാദന അനുപാതം 70:30, 1999-ലെ ഹൈഡൽ, തെർമൽ ഉൽപാദന അനുപാതം 57:43.

115 (259) കോഴിക്കോട് ഡീസൽ നിലയം

ശ്രീ. വി. ബാലറാം :

ശ്രീ. കെ.സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഡീസൽ നിലയത്തിന്റെ മൊത്തം പ്രോജക്ട് കോസ്റ്റ് എത്രയാണ്;

(ബി) കസ്റ്റംസ് തീരുവ ഇനത്തിൽ യന്ത്രസാമഗ്രികൾ വിദേശത്തു നിന്നും ഇറക്കുമതി ചെയ്യാൻ എന്തു തുക വേണ്ടിവരും;

(സി) ഈ തുക പ്രോജക്ട് കോസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിനുവേണ്ടി വരുന്ന അധിക ബാദ്ധ്യത ആരാണ് വഹിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 391.11. കോടി രൂപ.

(ബി) ഏകദേശം 32.51 കോടി രൂപ.

(സി) ഉണ്ട്.

(ഡി) പ്രസക്തമല്ല.

116 (260) ഡീസൽ നിലയങ്ങൾ

ശ്രീ. ജോർജ് ജെ. മാത്യു :

ശ്രീ. കെ.പി. വിശ്വനാഥൻ :

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യുടെ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെൽ 2007 വരെ കേരളത്തിൽ പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്ന ഡീസൽ നിലയങ്ങൾ സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പ്രസക്തമല്ല

117 (261) കോഴിക്കോട് ഡീസൽ നിലയം

ശ്രീമതി രാധാ രാഘവൻ :

LIBRARY ARCHIVES Kerala Legislative Assembly